## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3599** **27-06-2024 - ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിലെ മണ്ണ് സംരക്ഷണ കാര്യാലയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ മണ്ണ് സംരക്ഷണ കാര്യാലയം പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര കാലമായി പ്രവർത്തിച്ച് വരുന്നുണ്ടെന്നും ഇവിടെ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ, ജില്ലാ മണ്ണ് സംരക്ഷണ കാര്യാലയവും, കാസർഗോഡ്, കാഞ്ഞങ്ങാട് മണ്ണ് സംരക്ഷണ കാര്യാലയങ്ങളും 1986 മുതൽ പ്രവർത്തിച്ചുവരുന്നു. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ നടത്തിപ്പ്, തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ നീർത്തടാധിഷ്ഠിത മണ്ണ് ജല പ്രവർത്തനങ്ങൾ എന്നിവ പ്രസ്തുത ഓഫീസുകൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ ഓഫീസിൽ എത്ര തസ്തികകളുണ്ടെന്നും ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടൊയെന്നും വിശദമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിൽ നിലവിലുള്ള 10 തസ്തികകളിൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ക്ലാർക്ക് (കന്നട/മലയാളം) , ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിൽ ഓരോ ഒഴിവ് വീതം നിലവിലുണ്ട്.<br><br>കാഞ്ഞങ്ങാട് മണ്ണ് സംരക്ഷണ ഓഫീസിൽ നിലവിലുള്ള 16 തസ്തികകളിൽ വർക്ക് സൂപ്രണ്ട് തസ്തികയിൽ 2 ഒഴിവും സർവ്വേയർ തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്.<br><br>കാസർഗോഡ് മണ്ണ് സംരക്ഷണ ഓഫീസിൽ നിലവിലുള്ള 14 തസ്തികകളിൽ ഒഴിവൊന്നും നിലവിലില്ല. |
| (സി) | എങ്കിൽ എത്ര കാലമായി പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും അത് നികത്താത്തതിന്റെ കാരണവും എപ്പോൾ നികത്താനാവുമെന്നും വ്യക്തമാക്കാമോ; | (സി) | പൊതുസ്ഥലംമാറ്റം/ സ്ഥലംമാറ്റത്തെ തുടർന്ന് , 30.10.2023 മുതൽ കാസർഗോഡ് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ തസ്തികയിലും 11.06.2024 മുതൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാന്റെ തസ്തികയിലും ഒഴിവ് നിലവിലുണ്ട്.<br><br>ക്ലാർക്ക് (കന്നട/മലയാളം) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ 01.01.2022 മുതൽ പ്രസ്തുത തസ്തികയിൽ ഒഴിവ് നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | കാഞ്ഞങ്ങാട് മണ്ണ് സംരക്ഷണ ഓഫീസിൽ വർക്ക് സൂപ്രണ്ടിന്റെ 2 ഒഴിവുകൾ 03.09.2023, 31.01.2024 എന്നീ തീയതികളിൽ യഥാക്രമം അന്തർ വകുപ്പ് സ്ഥലംമാറ്റം/സ്ഥലംമാറ്റം നടന്നതിനെ തുടർന്ന് നിലവിലുണ്ട്. പൊതുസ്ഥലം മാറ്റത്തെ തുടർന്ന് സർവ്വെയർ തസ്തികയിൽ 08.06.2024 മുതൽ ഒരൊഴിവ് നിലവിലുണ്ട്.<br><br>പി.എസ്.സി നിയമനം നടപടികൾക്കു ശേഷം വർക്ക് സൂപ്രണ്ട്, ക്ലർക്ക് (കന്നട/ മലയാളം) എന്നീ തസ്തികകളിലേയും, സ്പെഷ്യൽ റൂൾ ഭേദഗതി നടപടി ക്രമങ്ങൾക്കു ശേഷം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ തസ്തികയുടെയും, പൊതു സ്ഥലമാറ്റം നടപടിക്രമങ്ങൾക്കു ശേഷം ഫസ്റ്റ് ഗ്രേഡ് ഡ്രീമാൻ, സർവ്വെയർ തസ്തികയുടെയും ഒഴിവുകൾ നികത്തുന്നതാണ്. |
| (ഡി) | ഈ ഓഫിസിൽ മണ്ണ് സംരക്ഷണ ഓഫീസർ നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ ഏത് ജില്ലയിലെ ഓഫീസർക്കാണ് ചാർജ്ജ് നല്കിയിരിക്കുന്നതെന്നും അറിയിക്കാമോ; | (ഡി) | നിലവിൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നു. മലപ്പുറം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്കാണ് അധിക ചുമതല നൽകിയിരിക്കുന്നത്. |
| (ഇ) | ദൂര ജില്ലയിലെ ഓഫീസർ വടക്കേ അറ്റത്തുളള ജില്ലയിലെ ഓഫീസിന്റെ ചാർജ്ജ് കൂടി വഹിക്കുന്നതിലുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ